# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

07-11-2016 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 721

## വിഴിഞ്ഞം കറാറുമായി ബന്ധപ്പെട്ട സി & എ.ജി. യുടെ ഓഡിറ്റ് റിപ്പോർട്ട്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മുഹമ്മദ് മുഹസിൻ. പി. :<br>ശ്രീമതി. ഇ. എസ്. ബിജിമോൾ :<br>ശ്രീ. ആർ. രാമചന്ദ്രൻ :<br>ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട് സി. & എ.ജി യുടെ ഓഡിറ്റ് റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ റിപ്പോർട്ടിൽ കരാർ കൊണ്ട് സംസ്ഥാനത്തിനോ പൊതുജനങ്ങൾക്കോ നേട്ടമില്ലെന്ന് പരാമർശമുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) വിഴിഞ്ഞം കരാറുമായി ബന്ധപ്പെട്ട് സി & എ ജി ഓഡിറ്റിന്റെ അന്തിമ റിപ്പോർട്ട് സംസ്ഥാന സർക്കാരിനോ തുറമുഖ കമ്പനിക്കോ ലഭിച്ചിട്ടില്ല.<br>വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വിഴിഞ്ഞം തുറമുഖ കമ്പനിയിലും തുറമുഖ വകുപ്പിലും എ ജി ഓഫീസ് ഓഡിറ്റ് നടത്തുകയുണ്ടായി. ഓഡിറ്റിലെ നിരീക്ഷണങ്ങൾ കരട് റിപ്പോർട്ട് രൂപത്തിൽ പി എ ജി (ഇ ആർ എസ് എ) നൽകുകയുണ്ടായി. കരട് റിപ്പോർട്ടിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കണമെന്ന് എ ജി ആവശ്യപ്പെട്ടിട്ടുള്ളതാണ്. മാത്രമല്ല നിരീക്ഷണങ്ങൾ അന്തിമമല്ലെന്നും കമ്പനിയും തുറമുഖ വകുപ്പും തരുന്ന മറുപടികൾക്ക് അനുസൃതമായി നിരീക്ഷണങ്ങൾ മാറാവുന്നതാണെന്നും എ ജി വ്യക്തമാക്കിയിട്ടുണ്ട്. റിപ്പോർട്ടിൻമേൽ തുറമുഖ വകുപ്പ് നടപടി കൈക്കൊള്ളുകയും എ.ജി.ക്ക് മറുപടി അയക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ ഇതു സംബന്ധിച്ച് 2016 ആഗസ്റ്റ് 18-ാം തീയതി തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിഴിഞ്ഞം കമ്പനി മാനേജിംഗ് ഡയറക്ടർ , വിഴിഞ്ഞം കമ്പനിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ഡെപ്യൂട്ടി എ ജി, എ ജി ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ എ ജി ഓഫീസിൽ വച്ച് എക്സിറ്റ് മീറ്റിംഗ് നടത്തുകയുണ്ടായി. അന്നത്തെ മീറ്റിംഗിൽ എല്ലാ വിഷയങ്ങളും പൂർണ്ണമായി ചർച്ച ചെയ്തിട്ടില്ല. അതിനാൽ ഒരു മീറ്റിംഗ് കൂടി നടത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുശേഷമേ റിപ്പോർട്ട് അന്തിമമാകുകയുള്ളൂ. |

(ബി) വിഴിഞ്ഞം പദ്ധതിച്ചെലവിന്റെ 67% മുടക്കുന്ന കേരളത്തിന് 13948 കോടി രൂപയും, 33% മുടക്കുന്ന അദാനി ഗ്രൂപ്പിന് ഒന്നര ലക്ഷം കോടി രൂപയും ലാഭം വരുമെന്ന് സി. & എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) കരട് റിപ്പോർട്ടിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കണമെന്നും നിരീക്ഷണങ്ങൾ അന്തിമമല്ലെന്നും കമ്പനിയും തുറമുഖ വകുപ്പും തരുന്ന മറുപടികൾക്ക് അനുസൃതമായി നിരീക്ഷണങ്ങൾ മാറാവുന്നതാണെന്നും എ ജി വ്യക്തമാക്കിയിട്ടുണ്ട്. എന്നിരുന്നാലും ചോദ്യത്തിൽ സൂചിപ്പിച്ചിരിക്കുന്ന കാര്യങ്ങൾ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന സർക്കാരിന്റെ മുതൽമുടക്ക് 67% അല്ല. ഇതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതമായ ഏതാണ്ട് 11 ശതമാനം വരുന്ന വി ജി എഫും ഉൾപ്പെടും. അതിനാൽ 56% മാത്രമാണ്.

2. പദ്ധതിയുടെ ഉപഘടകമായ പോർട്ട് എസ്റ്റേറ്റിൽ കരാർ കമ്പനി നടത്തുന്ന മുതൽ മുടക്കുകൂടി പരിഗണിക്കുമ്പോൾ പദ്ധതി ചെലവ് 11000 കോടി രൂപയും കരാർ കമ്പനിയുടെ വിഹിതം 50 ശതമാനത്തിന് മുകളിലാവുകയും ചെയ്യും.

3. രണ്ടാം ഘട്ടത്തിലും മൂന്നാം ഘട്ടത്തിലും നടത്തുന്ന വികസന പ്രവർത്തനത്തിന് വേണ്ടി വരുന്ന മൊത്തം തുക ചെലവഴിക്കേണ്ടത് കരാർ കമ്പനിയാണ്. അതുകൂടി കണക്കിലെടുത്താൽ കരാർ കമ്പനിയുടെ ശതമാനവിഹിതം വളരെ കൂടുതലാവും.

4. കരാർ കമ്പനി പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയായി 15 -ാം വർഷം മുതൽ പദ്ധതിയുടെ മൊത്തം വരുമാനത്തിന്റെ വിഹിതമാണ് സർക്കാരിന് നൽകുന്നത്. ശേഷിച്ച വരുമാനത്തിൽ നിന്ന് കമ്പനിക്ക് ചെലവുകൾ നടത്തേണ്ടതായിട്ടുണ്ട്. മേൽ പറഞ്ഞ നിരീക്ഷണത്തിൽ പറഞ്ഞിരിക്കുന്നത് ലാഭമല്ല മറിച്ച് ചെലവിന് മുമ്പുള്ള മൊത്തവരുമാനമാണ്.

5. ധനതത്വശാസ്ത്രപരമായി നീതികരിക്കത്തക്കതും (Economically Justified) എന്നാൽ സാമ്പത്തിക സാധ്യത (Financial Viability) താഴ്ന്നതുമായ അടിസ്ഥാന സൗകര്യവികസന പദ്ധതികളിൽ സാമ്പത്തിക നേട്ടം (Financial Benefits) മാത്രം പരിഗണിക്കാതെ സാമൂഹിക നേട്ടങ്ങൾ (Social and Economical Benefits) മാത്രം പരിഗണിച്ച് സർക്കാർ മുതൽമുടക്കുന്നത് സാധാരണമാണ്. പ്രത്യേകിച്ചും ബാഹ്യാടിസ്ഥാന സൗകര്യങ്ങളായ ഭൂമി, വൈദ്യുതി, റെയിൽ കണക്റ്റിവിറ്റി എന്നിവയിൽ.

| | | | |
|---|---|---|---|
| (സി) | ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനു മുൻപ് സി.&.എ.ജി. ചോദിച്ച ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകാൻ മുൻസർക്കാരിനോ തുറമുഖ കമ്പനിക്കോ കഴിഞ്ഞില്ലെന്ന റിപ്പോർട്ടിലെ കുറ്റപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഓഡിറ്റിന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. മുൻ നിരീക്ഷണങ്ങൾക്കും കരട് റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്കും മറുപടി നൽകിയിട്ടുണ്ട്. |
| (ഡി) | പദ്ധതി നടത്തിപ്പിലെ മറ്റെന്തൊക്കെ ക്രമക്കേടുകളും പാഴ്ചെലവുകളുമാണ് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നതെന്നറിയിക്കുമോ ? | (ഡി) | കരട് റിപ്പോർട്ടിന്റെ രഹസ്യ സ്വഭാവം സൂക്ഷിക്കണമെന്ന് എ ജി ആവശ്യപ്പെടുകയും നിരീക്ഷണങ്ങൾ അന്തിമമല്ലെന്നും കമ്പനിയും തുറമുഖ വകുപ്പും തരുന്ന മറുപടികൾക്ക് അനുസൃതമായി നിരീക്ഷണങ്ങൾ മാറാവുന്നതാണെന്നും എ ജി വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മറ്റു നിരീക്ഷണങ്ങൾ അന്തിമ റിപ്പോർട്ട് ലഭിച്ചതിനു ശേഷം ബഹു. സഭയെ അറിയിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**